കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വില്പനനികുതി നിയമങ്ങൾ സാധൂകരിക്കൽ ആക്റ്റ്, 1956

## (1956-ലെ 7-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില: [illegible]0-50

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# വില്പനനികുതി നിയമങ്ങൾ സാധൂകരിക്കൽ ആക്ററ്, 1956

(1956-ലെ 7-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

# വില്പനനികുതി നിയമങ്ങൾ സാധൂകരിക്കൽ ആക്ററ്, 1956

(1956-ലെ 7-ാം നമ്പർ ആക്ററ്)

ഇൻറർ സ്റേററ് വ്യാപാരത്തിൻേറയോ ഇൻറർ സ്റേററ് വാണിജ്യത്തിൻേറയോ ഗതിയിൽ സാമാനങ്ങളുടെ വില്പനയിൻമേലൊ ക്രയത്തിൻമേലൊ നികുതികൾ ചുമത്തുന്നതോ ചുമത്താൻ പ്രാധികാരപ്പെടുത്തുന്നതോ ആയ സ്റേററ് നിയമങ്ങൾ സാധൂകരിക്കാനുള്ള ആക്ററ്.

[1956 മാർച്ച്, 21]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഏഴാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

1. ചുരുക്കപ്പേര്.—ഈ ആക്ററിന്, വില്പനനികുതിനിയമങ്ങൾ സാധൂകരിക്കൽ ആക്ററ്, 1956 എന്ന് പേർ പറയാവുന്നതാണ്.

2. ഇൻറർ സ്റേററ് വ്യാപാരത്തിൻേറയൊ ഇൻറർ സ്റേററ് വാണിജ്യത്തിൻേറയൊ ഗതിയിൽ സാമാനങ്ങളുടെ വില്പനയിൻമേലോ ക്രയത്തിൻമേലോ നികുതികൾ ചുമത്തുന്നതോ ചുമത്തൽ പ്രാധികാരപ്പെടുത്തുന്നതോ ആയ, സ്റേററ് നിയമങ്ങൾ സാധൂകരിക്കൽ.—ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ, വിധിയോ, ഉത്തരവോ ഉണ്ടെന്നിരുന്നാലും, ഏതെങ്കിലും സാമാനങ്ങളുടെ വില്പനയിൻമേലൊ ക്രയത്തിൻമേലൊനികുതിചുമത്തുന്നതോ ചുമത്താൻ പ്രാധികാരപ്പെടുത്തുന്നതോ ആയ യാതൊരു സ്റേററ് നിയമവും, അങ്ങനെയുള്ള വില്പനയോ, ക്രയമോ ഇൻറർ സ്റേററ് വ്യാപാരത്തിൻേറയൊ ഇൻറർ സ്റേററ് വാണിജ്യത്തിൻേറയൊ ഗതിയിൽ 1951 ഏപ്രിൽ ഒന്നാം ദിവസത്തിനും 1955 സെപ്റ്റംബർ ആറാം ദിവസത്തിനും ഇടയ്ക്കുള്ള കാലത്ത് ഉണ്ടായതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള വില്പനയോ, ക്രയമോ, ഇൻറർ സ്റേററ് വ്യാപാരത്തിൻേറയൊ ഇൻറർ സ്റേററ് വാണിജ്യത്തിൻേറയോ ഗതിയിൽ ഉണ്ടായതാണെന്ന വസ്തുതമാത്രം കാരണമായി, അസാധുവാണെന്നോ, എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടുന്നതല്ലാത്തതും, മുൻപറഞ്ഞ കാലത്ത് ലെവിചെയ്യപ്പെട്ടതോ, പിരിയ്ക്കപ്പെട്ടതോ, അല്ലെങ്കിൽ ലെവിചെയ്യപ്പെട്ടതോ, പിരിയ്ക്കപ്പെട്ടതോ ആയി കരുതപ്പെടാവുന്നതോ ആയ എല്ലാ നികുതികളും എപ്പോഴും നിയമമനുസരിച്ച് സാധുവാംവണ്ണം ലെവിചെയ്യപ്പെട്ടതോ, പിരിയ്ക്കപ്പെട്ടതോ ആയി കരുതപ്പെടുന്നതും, ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ, 'സ്റേററ് നിയമ' ത്തിന്, ഭരണഘടനയിലെ ഒന്നാം പട്ടികയിലെ ഗ ഭാഗത്തിൽ വിനിർദ്ദേശിച്ച ഒരു സ്റേററ് സംബന്ധിച്ച്, ആ സ്റേററിന് നിയമസഭ വല്ലതും ഉണ്ടെങ്കിൽ, ആ നിയമസഭ നിർമ്മിച്ചതോ അല്ലെങ്കിൽ ഗ ഭാഗം സ്റേററുകൾ (നിയമങ്ങൾ) ആക്ററ്, 1950 (1950-ലെ 30) -ലെ, 2-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനം വഴി, ആ സ്റേററിലേയ്ക്കു വ്യാപിപ്പിക്കപ്പെട്ടതോ ആയ ഏതെങ്കിലും നിയമം എന്നർത്ഥമാകുന്നു.

3. [റദ്ദാക്കലും ഭേദഗതിചെയ്യലും ആക്ററ്, 1960, 2-ാം വകുപ്പിനാലും, ഒന്നാം പട്ടികയാലും റദ്ദാക്കപ്പെട്ടു.]